# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2055 26.03.2013 ൽ മറുപടിക്ക്

## റെയിൽ ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. പി.സി. ജോർജ്:<br>ഡോ. എൻ. ജയരാജ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്ര റെയിൽ ബജറ്റുകളിൽ കഴിഞ്ഞ അഞ്ചുവർഷം കേരളത്തിനു വേണ്ടി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ നാളിതുവരെ നടപ്പിൽ വരാത്ത പദ്ധതികൾ ഏതെല്ലാം; | (എ) | 2007-2008 മുതൽ 2012-13 വരെയുള്ള സംസ്ഥാനത്തിനായി കേന്ദ്ര റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളും അവയുടെ 2013 ജനുവരി മാസത്തെ സ്ഥിതിയും സംബന്ധിച്ച വിവരം അനുബന്ധമായി വച്ചിരിക്കുന്നു. |
| (ബി) | ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ; | (ബി) | ടി പദ്ധതികൾ എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് വിശദമായ സമാഹൃത നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. റയിൽവേയുടെ പരിമിതമായ സാമ്പത്തികശേഷിക്കുള്ളിൽ നിന്ന് ടി പദ്ധതികൾ പരിഗണിക്കുമെന്ന് കേന്ദ്ര റയിൽവേ വകുപ്പ് മന്ത്രി പറഞ്ഞിട്ടുണ്ട്. |
| (സി) | ഇപ്രകാരം പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്? | (സി) | പ്രത്യേകിച്ച് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ റയിൽവേ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് സംസ്ഥാനത്ത് റയിൽവേ നോഡൽ ഓഫീസ് ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വർഷത്തിൽ രണ്ട് മൂന്ന് പ്രാവശ്യം വിളിച്ചു ചേർക്കുന്ന എം.പി. മാരുടെ യോഗങ്ങളിൽ റെയിൽവേ പദ്ധതികളെ സംബന്ധിച്ച എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ